കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – തിരുവല്ല ടൗൺ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ)നം. 146/2019/തസ്വഭവ *തിരുവനന്തപുരം, തീയതി 16/11/2019*

---

*പരാമർശം:*

1. സ.ഉ.(സാധാ)നം.3982/2008/തസ്വഭവ തീയതി 13.11.08
2. സ.ഉ.(കൈ)നം.156/2017 തസ്വഭവ തീയതി 10/08/17
3. തിരുവല്ല നഗരസഭാ കൗൺസിലിന്റെ 10/12/18-ലെ 19-ാം നമ്പർ തീരുമാനം.
4. തിരവല്ല നഗരസഭ കൗൺസിലിന്റെ 17/05/19-ലെ 6-ാം നമ്പർ തീരുമാനം
5. മുഖ്യനഗരാസൂത്രകന്റെ 02/06/19-ലെ എഫ്2/3687/2019 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം തിരുവല്ല ടൗൺ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഭരണാനുമതിയും ധനാനുമതിയും നഗരാസൂത്രണ വകുപ്പിന് ലഭിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം തിരുവല്ല മാസ്റ്റർ പ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ നിയമം സെക്ഷൻ 36(3) അനുസരിച്ച് പ്രസിദ്ധീകരണാനുമതി നൽകി. എന്നാൽ കേരള നഗര-ഗ്രാമാസൂത്രണ നിയമം സെക്ഷൻ 36(4) പ്രകാരം നിശ്ചയിച്ചിട്ടുള്ള സമയ പരിധിയായ 60 ദിവസത്തിനുള്ളിലും സെക്ഷൻ 36(11) പ്രകാരം മുഖ്യനഗരാസൂത്രകന്റെ ശിപാർശയോടെ ലഭിക്കുമായിരുന്ന 6 മാസത്തെ സമയ പരിധിക്കുള്ളിലും മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല. തുടർന്ന് പരാമർശം (3)

പ്രകാരം തിരുവല്ല നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ സ്വീകരിക്കാനും പരാമർശം (4) പ്രകാരം ആയത് വീണ്ടും അംഗീകരിക്കുന്നതിനും പ്രസിദ്ധീകരണാനുമതിക്കായി സമർപ്പിക്കുവാനും തീരുമാനമായി.

(2) തിരുവല്ല ടൗൺ മാസ്റ്റർ പ്ലാനിന് നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതികാനുമതി ഉണ്ടെന്നും അതിനാൽ 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് വകുപ്പ് 36(3) പ്രകാരം മാസ്റ്റർ പ്ലാനിന് പ്രസിദ്ധീകരണ അനുമതി നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ തിരുവല്ല ടൗൺ മാസ്റ്റർ പ്ലാനിന് 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് വകുപ്പ് 36(3) പ്രകാരം പ്രസിദ്ധീകരണ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സബിത.എസ്.ഡി.
ഗവ.ഡെപ്യൂട്ടി സെക്രട്ടറി

1. സെക്രട്ടറി, തിരുവല്ല നഗരസഭ
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
3. ജില്ലാ നഗരാസൂത്രകൻ, തിരുവനന്തപുരം (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

05.12.19